## പതിമൂന്നാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ :3952 20.07.2015 -ൽ മറുപടിക്ക്

### കേരളത്തിലെ പഴം- പച്ചക്കറി സംഭരണവും സംസ്കരണവും .

**ചോദ്യം**

ശ്രീ.ഷാഫി പറമ്പിൽ
ശ്രീ.ഹൈബി ഈഡൻ
ശ്രീ.കെ.മുരളീധരൻ
ശ്രീ.വി.റ്റി.ബൽറാം.

**ഉത്തരം**

ശ്രീ. അനൂപ് ജേക്കബ്
(ഭക്ഷ്യവും സിവിൽ സപ്ലൈസും
ഉപഭോക്തൃസംരക്ഷണവും
രജിസ്ട്രേഷനും വകുപ്പുമന്ത്രി)

| | | | |
|---|---|---|---|
| (എ) | കേരളത്തിൽ പഴം- പച്ചക്കറി സംഭരണത്തിനും സംസ്കരണത്തിനും വേണ്ടി ഭക്ഷ്യ വകുപ്പ്എന്തെങ്കിലും പദ്ധതി രൂപീകരിച്ചിട്ടുണ്ടോ; | (എ) യും (ബി) യും | പഴവർഗ്ഗങ്ങളും പച്ചക്കറികളും ശീതികരിച്ചും ഉണക്കിയും ദീർഘകാലം സൂക്ഷിക്കുവാൻ ഉദ്ദേശിച്ച് ഒരു പഴം പച്ചക്കറി ശീതീകരണശാലയും (1250 ടൺ) ഒരു നിർജലീകരണശാലയും (പ്രതിദിനം 2 ടൺ) സ്ഥാപിക്കുന്നതിനുള്ള പദ്ധതി എറണാകുളം ജില്ലയിൽ നടപ്പിലാക്കി വരുന്നു. തൽഫലമായി വില നിയന്ത്രണത്തിനും കർഷകർക്ക് ന്യായവില ഉറപ്പാക്കാനും സാധിക്കുമെന്നും പ്രതീക്ഷിക്കുന്നു. |
| (ബി) | എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇത് വഴി കൈവരിക്കാനുദ്ദേശിക്കുന്നത് ; | | |
| (സി) | ആരെല്ലാമാണ് ഇതുമായി സഹകരിക്കുന്നത് ; | (സി) | കേന്ദ്ര സർക്കാരിന്റെ APEDA ( Agriculture and Processed Food Products Export Development Authority) എന്ന സ്ഥാപനവുമായി സാമ്പത്തിക സഹകരണത്തിലാണ് ഈ പദ്ധതി നടപ്പിലാക്കുന്നത്. |
| (ഡി) | ഇത് നടപ്പാക്കാൻ ഭരണ തലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്? | (ഡി) | പദ്ധതി നടപ്പാക്കാൻ കേരള സർക്കാർ 12.31 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. കേന്ദ്ര സർക്കാർ APEDA മുഖേന 7.23 കോടി രൂപയും കേരള സർക്കാർ 1.25 കോടി രൂപയും പ്രസ്തുത പദ്ധതിയ്ക്ക് അനുവദിച്ചിട്ടുണ്ട്. |

Beena

സെക്ഷൻ ഓഫീസർ